LIBRARY ARCHIVES Kerala Legislative Assembly

സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്യുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരിയ്ക്കുന്ന തുകയിൽ നിന്ന് കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്ന തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നുണ്ട്.

(സി) വായ്പകൾ എഴുതിത്തള്ളുന്ന നടപടിയിൽനിന്ന് പിൻമാറിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഇല്ല.

റിസ്ക് ഫണ്ട്

289 (2019) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ ബാങ്കുകൾ അനുവദിക്കുന്ന റിസ്ക് ഫണ്ട് സംബന്ധിച്ച വിശദാംശം നൽകാമോ;

&

(ബി) റിസ്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

വിവിധ വായ്പ സഹകരണ സംഘങ്ങളിൽ (സംസ്ഥാന സഹകരണ ബാങ്ക്, ജില്ല സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, എംപ്ലോയിസ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, മറ്റിതര വായ്പ സഹകരണ സംഘങ്ങൾ) നിന്ന് നൽകിവരുന്ന കാർഷിക കാർഷികേതര (സ്വർണ്ണ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) വായ്പകൾക്കാണ് റിസ്ക് ഫണ്ട് ആനുകൂല്യം നൽകിവരുന്നത്. വായ്പയെടുക്കുന്ന അംഗങ്ങളിൽ നിന്നും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം (ഏറ്റവും കുറഞ്ഞത് 100 രൂപയും പരമാവധി 1,000 രൂപയും) ഒടുക്കേണ്ടതാണ്. മരണപ്പെട്ട/ മാരക രോഗം ബാധിച്ച തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്. വായ്പക്കാരൻ മരണപ്പെട്ടാൽ 6 മാസത്തിൽ അധികരിച്ച് വായ്പ മുതൽ തിരിച്ചടവിൽ കുടിശ്ശിക (റിസ്ക് ഫണ്ട് ചികിത്സ ധനസഹായത്തിന് കുടിശ്ശിക ബാധകമല്ല) ഉണ്ടാകാൻ പാടില്ല. വായ്പയെടുത്ത അംഗം വായ്പ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പ മുതൽ അല്ലെങ്കിൽ 2,00,000 രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകുന്നതാണ്. ഒന്നിൽ കൂടുതൽ കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽ നിന്നും നൽകുന്നതാണ്. വായ്പയെടുത്തതിന് ശേഷം മാരക രോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ മേൽ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

(സി) റിസ്ക് ഫണ്ട് പ്രയോജനപ്പെടുത്തി വായ്പ കുടിശിക അവസാനിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ ചികിത്സ ധനസഹായ അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ സമർപ്പിക്കേണ്ടതാണ്. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ച ശേഷം റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അർഹതപ്പെട്ട തുക ധനസഹായമായി അനുവദിച്ചുവരുന്നു. (വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*)

(ഡി) വായ്പ തുകയുടെ എത്ര ശതമാനം വരെ റിസ്ക് ഫണ്ട് പ്രയോജനപ്പെടുത്തി ഇളവ് ചെയ്ത് കൊടുക്കുമെന്ന് വ്യക്തമാക്കാമോ?

റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ ചികിത്സ ധനസഹായ അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം കേരള സഹകരണ വികസനക്ഷേമ നിധി ബോർഡിൽ സമർപ്പിക്കേണ്ടതാണ്. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ച ശേഷം റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അർഹതപ്പെട്ട തുക ധനസഹായമായി അനുവദിച്ച് വരുന്നു. (വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*)

കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ ഇടപെടലുകൾ

290 (2020) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ രണ്ടാം ലിസ്റ്റിലെ 32 എൻട്രി പ്രകാരം സഹകരണം ഒരു സംസ്ഥാന വിഷയമായതിനാൽ കേന്ദ്ര സർക്കാരിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.